"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തൊഴിലും നൈപുണ്യവും വകുപ്പ് - വ്യാവസായിക പരിശീലനം - കൊട്ടാരക്കര, ആറ്റിങ്ങൽ, മയ്യനാട്, ചാത്തന്നൂർ എന്നീ സർക്കാർ ഐ.ടി.ഐകളിൽ ഡ്രൈവർ കം മെക്കാനിക് ട്രേഡ് ആരംഭിക്കുന്നതിന് അനുമതി നൽകിക്കൊണ്ടും ആയതിന്റെ സുഗമമായ പ്രവർത്തനത്തിന് ആവശ്യമായ ജൂനിയർ ഇൻസ്ട്രക്ടർ തസ്തികകൾ സൃഷ്ടിച്ചുകൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തൊഴിലും നൈപുണ്യവും (സി) വകുപ്പ്

സ.ഉ.(കൈ) നം.6/2022/LBR തീയതി,തിരുവനന്തപുരം, 28-02-2022

---

പരാമർശം:- ട്രെയിനിംഗ് ഡയറക്ടറുടെ 04/10/2021-ലെ ഡി.റ്റി/552/2020/ഐ4 നമ്പർ കത്ത്.

ഉത്തരവ്

സർക്കാർ ഐ.ടി.ഐ-കളിലുണ്ടായിരുന്ന ആറുമാസ കോഴ്സായ ഡ്രൈവർ കം മെക്കാനിക് ട്രേഡ് ഡയറക്ടർ ജനറൽ ഓഫ് ട്രെയിനിംഗ് (ഡി.ജി.ടി) നിർത്തലാക്കുകയുണ്ടായി. പിന്നീട്, വർദ്ധിച്ചുവരുന്ന തൊഴിൽ സാധ്യതകൾ പരിഗണിച്ച് പ്രസ്തുത ട്രേഡ് ഐ.ടി.ഐകളിൽ വീണ്ടും ആരംഭിക്കാമെന്ന ഡി.ജി.ടി ഉത്തരവാകുകയുണ്ടായി. ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ ടി ട്രേഡ് കേരളത്തിലെ സർക്കാർ ഐ.ടി.ഐകളിൽ വീണ്ടും തുടങ്ങുന്നതിനെ സംബന്ധിച്ച് വ്യാവസായിക പരിശീലന വകുപ്പ് സാധ്യതാ പഠനം നടത്തുകയും കൊട്ടാരക്കര, മയ്യനാട്, ആറ്റിങ്ങൽ, ചാത്തന്നൂർ എന്നീ സർക്കാർ ഐ.ടി.ഐകളിൽ ഡ്രൈവർ കം മെക്കാനിക് ട്രേഡ് ആരംഭിക്കുന്നതിനും എട്ട് (8) ജൂനിയർ ഇൻസ്ട്രക്ടർമാരുടെ തസ്തികകൾ സൃഷ്ടിക്കുന്നതിനുമായി പരാമർശ കത്തു പ്രകാരം ശിപാർശ സമർപ്പിക്കുകയും ചെയ്തു.

2) സർക്കാർ ഈ വിഷയം വിശദമായി പരിശോധിക്കുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ കൊട്ടാരക്കര, മയ്യനാട്, ആറ്റിങ്ങൽ, ചാത്തന്നൂർ എന്നീ സർക്കാർ ഐ.ടി.ഐകളിൽ രണ്ട് (2) യൂണിറ്റുകൾ വീതമുള്ള ഡ്രൈവർ കം മെക്കാനിക് ട്രേഡ് ആരംഭിക്കുന്നതിനും ഇതിലേയ്ക്കായി എട്ട് (8) ജൂനിയർ ഇൻസ്ട്രക്ടർമാരുടെ തസ്തികകൾ (37400-79000 ശമ്പള സ്കെയിലിൽ) സൃഷ്ടിക്കുന്നതിനുമുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

3) പ്രസ്തുത ട്രേഡ് ആരംഭിക്കുന്നതിനാവശ്യമായ ഉപകരണസംഭരണം, ഫർണിച്ചർ സംഭരണം എന്നിവയ്ക്ക് ആവശ്യമായ തുക "2230-03-101-87 - Modernisation of ITIs — 34-other charges-3-other items (Plan) 2021-22" എന്ന ശീർഷകത്തിൽ നിന്നും, പുതുതായി സൃഷ്ടിക്കുന്ന എട്ട് (8) ജൂനിയർ ഇൻസ്ട്രക്ടർ തസ്തികകൾക്ക് ശമ്പളയിനത്തിൽ വരുന്ന തുക "2230-03-101-99-ITIs-101-Salaries (Non Plan) 2021-22" എന്ന ശീർഷകത്തിൽ നിന്നും വഹിക്കാവുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

മിനി ആന്റണി.ഐ.എ.എസ്

സെക്രട്ടറി

സ.ഉ.(കൈ) നം.6/2022/LBR

ട്രെയിനിംഗ് ഡയറക്ടർ, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/ എ ആന്റ് ഇ), തിരുവനന്തപുരം,

ധനകാര്യ വകുപ്പ് (1727833/ LBRD-1/94/2021-ധന, തീയതി 01/01/2022 പ്രകാരം)

പൊതുഭരണ (എസ്.സി) വകുപ്പ് (ഇനം നമ്പർ 570 തീയതി 23/2/2022)

വിവര പൊതുജന സമ്പർക്ക വകുപ്പ്. (വെബ്സൈറ്റിൽ പരസ്യപ്പെടുത്തുന്നതിനായി)

കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by Bindumol Thomas
Date: 28-02-2022 11:32:55

സെക്ഷൻ ഓഫീസർ

കേരള സർക്കാർ
(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)
മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

| | | |
|---|---|---|
| 1. | ഫയൽ നമ്പർ | : C3/189/2021/തൊഴിൽ |
| 2. | വകുപ്പ് | : തൊഴിലും നൈപുണ്യവും (സി) വകുപ്പ് |
| 3. | വിഷയം | : കൊട്ടാരക്കര, മയ്യനാട്, ആറ്റിങ്ങൽ, ചാത്തന്നൂർ എന്നീ സർക്കാർ ഐ.ടി.ഐകളിൽ ഡ്രൈവർ കം മെക്കാനിക്ക് ട്രേഡ് ആരംഭിക്കുന്നത് - സംബന്ധിച്ച് |
| 4. | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : 14/02/2022 |
| 5. | (i) ഇത് സാമ്പത്തിക ബാധ്യതയുള്ളതാണോ? | : അതെ |
| | (ii) സാമ്പത്തിക ബാധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; | : ഉണ്ട് |
| | ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | : ഉണ്ട് |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | : ഇല്ല |
| 7. | കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | : ശ്രീമതി. എൻ. കെ. ചന്ദ്ര |
| 8. | കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര് | : ശ്രീമതി. മിനി ആന്റണി |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | : 16/02/2022 |
| 10. | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : ഡോ.വി പി ജോയ് |
| 11. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : 17/02/2022 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : ശ്രീ. വി.ശിവൻകുട്ടി |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : 18/02/2022 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : 19/02/2022 |
| 15. | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പറും തീയതിയും | : |

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

കൊട്ടാരക്കര, മയ്യനാട്, ആറ്റിങ്ങൽ, ചാത്തന്നൂർ എന്നീ സർക്കാർ ഐ.ടി.ഐ.കളിൽ ഡ്രൈവർ കം മെക്കാനിക്ക് ട്രേഡ് ആരംഭിക്കുന്നത് സംബന്ധിച്ചാണ് ഈ കുറിപ്പ്.

2) സർക്കാർ ഐ.ടി.ഐ-കളിലുണ്ടായിരുന്ന 6 മാസ കോഴ്സായ ഡ്രൈവർ കം മെക്കാനിക്ക് ട്രേഡ് ഡയറക്ടർ ജനറൽ ഓഫ് ട്രെയിനിംഗ് (ഡി.ജി.ടി) നിർത്തലാക്കുകയുണ്ടായി. പിന്നീട്, വർദ്ധിച്ചുവരുന്ന തൊഴിൽ സാധ്യതകൾ പരിഗണിച്ച് പ്രസ്തുത ട്രേഡ് ഐ.ടി.ഐകളിൽ വീണ്ടും ആരംഭിക്കാമെന്ന് ഡി.ജി.ടി ഉത്തരവാകുകയുണ്ടായി. ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ ടി ട്രേഡ് കേരളത്തിലെ സർക്കാർ ഐ.ടി.ഐ-കളിൽ വീണ്ടും തുടങ്ങുന്നതിനെ സംബന്ധിച്ച് വ്യാവസായിക പരിശീലന വകുപ്പ് സാധ്യതാ പഠനം നടത്തുകയുണ്ടായി. ഡ്രൈവർ കം മെക്കാനിക്ക് ട്രേഡ് മുൻപ് 9 ഐ.ടി.ഐകളിൽ ഉണ്ടായിരുന്നു. നിർത്തലാക്കിയ ട്രേഡുകളിലെ വാഹനം ഒഴികെ ഉദ്യോഗസ്ഥരെയും ഉപകരണങ്ങളും ഘട്ടം ഘട്ടമായി മറ്റ് ട്രേഡുകളിലേയ്ക്ക് മാറ്റുകയുണ്ടായി.

3) ഡയറക്ടർ ജനറൽ ഓഫ് ട്രെയിനിംഗ് (ഡി.ജി.ടി) പുറപ്പെടുവിച്ച മാനദണ്ഡം പ്രകാരം എല്ലാ ഐ.ടി.ഐകളിലും (പുതിയതും / നിലവിലുള്ളതും) കുറഞ്ഞത് 4 ട്രേഡുകളും 8 യൂണിറ്റുകളും ഉണ്ടായിരിക്കണമെന്ന് നിഷ്കർഷിക്കുന്നു. 4 ട്രേഡിൽ കുറവുള്ള നിലവിലുള്ള ഐ.ടി.ഐകൾ 4 ട്രേഡുകൾ എന്ന നിബന്ധന 2 വർഷത്തിനുള്ളിൽ പാലിക്കണമെന്നും ഡി.ജി.ടി നിഷ്കർഷിക്കുന്നു. ആയതിനാൽ ഡ്രൈവർ കം മെക്കാനിക്ക് ട്രേഡ് ആരംഭിക്കുവാൻ സ്ഥലസൗകര്യമുണ്ടെന്ന് റിപ്പോർട്ട് ചെയ്ത ഐ.ടി.ഐകളിൽ നിന്നും 4 ട്രേഡിൽ കുറവുള്ള കൊട്ടാരക്കര, മയ്യനാട്, ആറ്റിങ്ങൽ, ചാത്തന്നൂർ എന്നീ 4 സർക്കാർ ഐ.ടി.ഐകളിൽ പ്രസ്തുത ട്രേഡ് ആരംഭിക്കുന്നതിനുള്ള ശുപാർശ ട്രെയിനിംഗ് ഡയറക്ടർ

സമർപ്പിക്കുകയുണ്ടായി. പ്രസ്തുത ഐ.ടി.ഐകളിൽ രണ്ടു യൂണിറ്റുകൾ വീതമുള്ള 4 ട്രേഡ് ആരംഭിക്കുന്നതിനും ആയതിലേയ്ക്കായി 8 ജൂനിയർ ഇൻസ്ട്രക്ടർ തസ്തിക സൃഷ്ടിക്കുന്നതിനുമായി ഉപകരണ സംഭരണ ഇനത്തിൽ (ഒറ്റത്തവണ) 1,76,01,976/- (ഒരു കോടി എഴുപത്തി ആറ് ലക്ഷത്തി ആയിരത്തി തൊള്ളായിരത്തി എഴുപത്തി ആറ് രൂപ മാത്രം) രൂപയും എസ്റ്റാബ്ലിഷ്മെന്റ് ഇനത്തിൽ (ആവർത്തനം) 40,57,152/- (നാല്പത് ലക്ഷത്തി അൻപത്തിഏഴായിരത്തി നൂറ്റി അൻപത്തിരണ്ട് രൂപ മാത്രം) രൂപയും ചെലവ് പ്രതീക്ഷിക്കുന്നു.

4) 4 ട്രേഡിൽ കുറവുള്ള നിരവധി ഐ.ടി.ഐ കൾ സംസ്ഥാനത്തുണ്ട്. ഘട്ടം ഘട്ടമായി മാത്രമേ അത്തരം ഐ.ടി.ഐകളെ 4 ട്രേഡ് എന്ന നിബന്ധനയിൽ കൊണ്ടു വരാൻ കഴിയൂ. ആയതിനാൽ DGT നിഷ്കർഷിച്ചിരിക്കുന്ന മാനദണ്ഡങ്ങൾ പാലിക്കാതിരുന്നാൽ നിലവിലുള്ള അഫിലിയേഷനുകൾ റദ്ദാകാൻ സാധ്യതയുള്ള കാര്യം വ്യക്തമാക്കി ഡ്രൈവർ കം മെക്കാനിക്ക് ട്രേഡ് കൊട്ടാരക്കര, മയ്യനാട്, ആറ്റിങ്ങൽ, ചാത്തന്നൂർ എന്നീ 4 സർക്കാർ ഐ.ടി.ഐകളിൽ ആരംഭിക്കുന്നതിനുള്ള അനുമതിയ്ക്കായി ഫയൽ ധനകാര്യ വകുപ്പിലേക്ക് അയച്ചപ്പോൾ ആ വകുപ്പ് താഴെ പറയും പ്രകാരം അഭിപ്രായപ്പെടുകയുണ്ടായി.

"ബഹു.പൊതുവിദ്യാഭ്യാസ തൊഴിൽ മന്ത്രിയുടെ ശുപാർശ അംഗീകരിക്കുന്നു."

5) പ്രസ്തുത വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കാൻ ബഹു.മുഖ്യ മന്ത്രി ഉത്തരവായിട്ടുണ്ട്.

## <u>തീരുമാനിക്കേണ്ട വിഷയങ്ങൾ</u>

ധനകാര്യ വകുപ്പ് അംഗീകരിച്ചതു പ്രകാരം കൊട്ടാരക്കര, മയ്യനാട്, ആറ്റിങ്ങൽ, ചാത്തന്നൂർ എന്നീ സർക്കാർ ഐ.ടി.ഐകളിൽ രണ്ട് യൂണിറ്റുകൾ വീതമുള്ള ഡ്രൈവർ കം മെക്കാനിക്ക് ട്രേഡ് ആരംഭിക്കുന്നതിനും ആയതിലേയ്ക്കായി 8 ജൂനിയർ ഇൻസ്ട്രക്ടർ തസ്തികകൾ സൃഷ്ടിക്കുന്നതിനും അനുമതി നല്കാമോ?

**GOVERNMENT OF KERALA**
**(SHRI. PINARAYI VIJAYAN MINISTRY)**
**NOTE FOR THE COUNCIL OF MINISTERS**

| | | |
|---|---|---|
| 1 | File No | : C3/189/2021/LBR. |
| 2 | Department | : Labour & Skills (C) Department |
| 3 | Subject | : Starting of Driver Cum Mechanic trade in Govt. ITIs of Kottarakkara, Mayyanad, Attingal and Chathannoor – reg. |
| 4 | Date of Chief Minister's order for placing before the Council | : 14/02/2022 |
| 5 | (i) Does the case involve financial commitments/implications. | : Yes |
| | (ii)If the answer to the above is in the affirmative,whether Finance Department has been consulted and their remarks incorporated in the Note for the Council? | : Yes |
| 6 | Are any other Departments concerned with the case and if so, have they been consulted and their remarks incorporated in the Note for the Council? | : No |
| 7 | Name of Joint Secretary who submitted the Draft Note | : Smt. N.K.Chandra |
| 8 | Name of Secretary who approved the Draft Note | : Smt. Mini Antony |
| 9 | Date of approval of the Draft Note for the Council by the Secretary | : 16/02/2022 |
| 10 | Name of Chief Secretary who approved the Draft Note | : Dr. V P Joy |
| 11 | Date of approval of the Draft Note for the Council by the Chief Secretary | : 17/02/2022 |
| 12 | Name of Minister who approved the Draft Note | : Sri. V. Sivankutty |
| 13 | Date of approval of the Draft Note for the Council by the Minister | : 18/02/2022 |
| 14 | Date of submission of fair copies | : 19/02/2022 |
| 15 | Date of decision by the Council of Ministers | : |
| 16 | Number and date of the G.O./letter communicating the decision | : |

# NOTE FOR THE COUNCIL OF MINISTERS

This note deals with the starting of Driver Cum Mechanic trade in Govt. ITIs at Kottarakkara, Mayyanad, Attingal and Chathannoor.

2) Driver Cum Mechanic, the trade of six month course in government ITIs, had been discontinued by the Director General of Training (DGT). Later, in view of the increasing employment opportunities, DGT has ordered to continue the said trade in ITIs. On the basis of that order, Industrial Traning Department conducted a feasibility study on restarting the said trade in Government ITIs of Kerala. Previously, the Driver Cum Mechanic trade was conducted in 9 ITIs. The officers and the equipments of the suspended trade were gradually transferred to other trades, except the vehicles.

3) As per the guidelines issued by the Director General of Training (DGT), it is stipulated that all ITIs (new / existing) must have a minimum of 4 trades and 8 units. The DGT also stipulates that existing ITIs with less than 4 trades must comply with the 4 trades requirement within 2 years. Therefore, the Director of Training has submitted a proposal to start the said trade in 4 Govt. ITIs at Kottarakkara, Mayyanad, Attingal and Chathannur, which have less than 4 trades, from the ITIs which reported to have facility to start Driver Cum Mechanic trade. For starting 4 trades of two units each in the respective ITIs and to create 8 posts of Junior Instructor for the same, an expenditure of Rs. 1,76,01,976/- (Rupees one crore seventy six lakh one thousand nine hundred and seventy six only) for procurement of equipments ( non recurring) and

Rs. 40,57,152/- (Rupees forty lakh fiftyseven thousand one hyndred and fifty two only) for Establishment (recurring) is expected in this regard.

4) There are many ITIs in the state with less than 4 trades. Such ITIs can be brought under the criterion of 4 trades only in a phased manner. Therefore, when the file was forwarded to the Finance Department for concurrence to start the Driver Cum Mechanic trade at Kottarakkara, Mayyanad, Attingal and Chathannur, stating the possibility of revoking existing affiliations if we do not meet the criteria set by DGT, that department remarked as follows.

"ബഹു.പൊതുവിദ്യാഭ്യാസ തൊഴിൽ മന്ത്രിയുടെ ശുപാർശ അംഗീകരിക്കുന്നു"

5) The Hon'ble Chief Minister has ordered to place the matter before the Council of Ministers.

## Point for Decision

Whether sanction may be accorded to start two units of Driver Cum Mechanic trade in Kottarakkara, Mayyanad, Attingal and Chathannur Government ITIs and to create 8 junior instructor posts for the same, as agreed by the Finance Department?.

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 23-02-2022

ഫയൽ നം. സി3/189/2021/തൊഴിൽ. ഇനം നം: 570

വിഷയം : തൊഴിലും നൈപുണ്യവും വകുപ്പ് - കൊട്ടാരക്കര, മയ്യനാട്, ആറ്റിങ്ങൽ, ചാത്തന്നൂർ എന്നീ സർക്കാർ ഐ.ടി.ഐ.-കളിൽ ഡ്രൈവർ കം മെക്കാനിക്ക് ട്രേഡ് ആരംഭിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

ഡോ. വി പി ജോയ്
ചീഫ് സെക്രട്ടറി

AS/SU
For urgent action
24/2

സെക്രട്ടറി, തൊഴിലും നൈപുണ്യവും വകുപ്പ്.